# SNVUP SCHOOL
## MARUTHAMONPALLY



**ACADEMIC CALENDER**
**2025 - 2026**



# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26

## എസ്.എൻ.വി.യു.പി സ്കൂൾ
## മരുതമൺപള്ളി

## കൊല്ലം ജില്ല.

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ആ അവകാശം ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് 2025 26 അധ്യയനവർഷം സമഗ്ര ഗുണമേന്മ വർഷമായി നമ്മൾ പരിഗണിക്കുന്നത്. പരിഷ്കരിച്ച പാഠപുസ്തകങ്ങളും പുതുക്കിയ മൂല്യനിർണയ പ്രക്രിയകളുമൊക്കെ ഗുണമേന്മയുള്ള അക്കാദമിക നിലവാരം കുട്ടികളിൽ ഉണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യമിടുന്ന സമഗ്ര ഗുണമേന്മ പദ്ധതിയിൽ കുട്ടികളുടെ ശാരീരിക ബൌദ്ധിക മാനസിക വൈകാരിക സാമൂഹിക ഘടകങ്ങളുടെ ശാസ്ത്രീയവും പ്രായത്തിന് അനുഗുണവുമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കേവലം വിവരങ്ങളുടെ ശേഖരണവും അറിവിന്റെ ഉത്പാദനവും മാത്രമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്താതെ കുട്ടികളിൽ വിവേകവും വിവേചനബുദ്ധിയും അങ്കുരിപ്പിക്കാനും വികസിപ്പിക്കാനും സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. മാനവികത സ്നേഹം, മതനിരപേക്ഷത, ജനാധിപത്യ ബോധം എന്നിവയും സമഗ്ര ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. ചുരുക്കത്തിൽ വിദ്യാർത്ഥികളുടെ പരിപൂർണ്ണ വികാസം ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്ര ഗുണമേന്മ പദ്ധതിയിൽ ഞങ്ങളുടെ വിദ്യാലയവും പിന്നോട്ടില്ല എന്ന് ഉറപ്പിക്കാം.

ഓരോ കുട്ടിയും ആർജ്ജിക്കുന്ന അറിവ് ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ പ്രശ്ന പരിഹരണത്തിനവ ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കുക എന്നത് തന്നെയാണ് ഞങ്ങളുടെ വിദ്യാലയം എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ഏറ്റവും ഉയർന്ന തലം. ലോകത്തെവിടെയും അപ്പർ പ്രൈമറി നിലവാരത്തിലുള്ള കുട്ടികൾക്ക് ആർജിക്കാൻ കഴിയുന്ന മുഴുവൻ കഴിവുകളും പ്രായത്തിനനുസരിച്ച് നേടാൻ അവരെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ പ്രഖ്യാപിത ലക്ഷ്യം.

# സ്കൂൾ പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്.എൻ.വി.യു.പി.എസ്, മരുതമൺപള്ളി |
| സ്ഥാപിതമായ വർഷം | : | 1962 മെയ് |
| സ്ഥിതിചെയ്യുന്ന വില്ലേജ് | : | പൂയപ്പള്ളി |
| പഞ്ചായത്ത് | : | പൂയപ്പള്ളി |
| ബ്ലോക്ക് | : | കൊട്ടരക്കര |
| ബി.ആർ.സി | : | വെളിയം |
| ജില്ല | : | കൊല്ലം |
| സബ്ജില്ല | : | വെളിയം |
| വിദ്യാഭ്യാസ ജില്ല | : | കൊട്ടാരക്കര |
| ഹെഡ്മിസ്ട്രസ്സ് | : | ശ്രീമതി.ആർ.മഞ്ചു |
| ഫോൺ | : | 9495651195 |
| സ്കൂൾമെയിൽ ഐഡി | : | manjusnvups@gmail.com |
| സ്കൂൾ കോഡ് | : | 39365 |
| സ്കൂൾ മാനേജർ | : | സുഭാഷ്.എസ് |

# സ്കൂൾ ചരിത്രം

മഹത്തുക്കൾക്ക് മരണമില്ല, അവർ കാലത്തോടൊപ്പം സഞ്ചരിച്ചുകൊണ്ട് ഈ സമൂഹത്തെ മൂല്യനവീകരണം ചെയ്തുകൊണ്ടിരിക്കും. അജ്ഞതയും അന്ധവിശ്വാസവും അടിമത്തവും അരങ്ങ് തകർത്തു വാണിരുന്ന ഒരു സമൂഹത്തെ വിജ്ഞാനത്തിന്റെ, ആത്മബോധത്തിന്റെ, ഉണർവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ നാരായണഗുരുദേവന്റെ നാമധേയത്തിലാണ് 1962 ൽ ശ്രീനാരായണവിലാസം അപ്പർ പ്രൈമറി സ്കൂൾ എന്ന നമ്മുടെ വിദ്യാലയം സ്ഥാപിക്കപ്പെടുന്നത്. അതിന് കാരണമായ മരുതമൺപള്ളിയിലെ 972 ാം നമ്പർ എസ് എൻ ഡി പി ശാഖ സ്ഥാപിക്കപ്പെട്ടത് 1947 ലും ശാഖയുടെ പ്രഥമ പ്രസിഡന്റ് കുഴിവിള കിഴക്കതിൽ വീട്ടിൽ പരേതനായ ശ്രീ. ദാമോദരനും സെക്രട്ടറി കിഴക്കേ മേലതിൽ പരേതനായ ജനാർദ്ദനൻ അവർകളായിരുന്നു. ഒരു ഇടവേളക്കുശേഷം 1961 ൽ പ്ലാവിള വീട്ടിൽ പരേതനായ ശ്രീ. ഇ. നാരായണൻ പ്രസിഡന്റും ശ്രീ. ധർമ്മരാജൻ സെക്രട്ടറിയുമായി ശാഖ യോഗം പുനസംഘടിപ്പിക്കുകയും ശാഖയുടെ പേരിൽ വിദ്യാലയത്തിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

1962 ൽ അന്ന് വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ആർ.ശങ്കർ സ്കൂൾ അനുവദിച്ചു തരികയും ശാഖാ ഭരണസമിതി അംഗമായ പരേതനായ പ്ലാവിളയിൽ ശ്രീ.അമ്പലക്കര കുഞ്ഞുകുഞ്ഞിന്റെ വീട്ടിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.മുൻ ശാഖാ യോഗം പ്രസിഡന്റ് കൂടിയായ പരേതനായ ചിറക്കൽ ശ്രീ. സി.കെ.ശ്രീധരൻ വൈദ്യർ നാമമാത്രമായ വിലയ്ക്ക് ഒരു ഏക്കറിന് മുകളിൽ പുരയിടം സ്കൂളിനായി നൽകുകയും കെട്ടിടങ്ങളും മറ്റും പൂർത്തിയാക്കുന്നതിനുവേണ്ടി അന്നത്തെ മാനേജ്മെന്റും അധ്യാപകരും നല്ലവരായ നാട്ടുകാരും നിർലോഭമായി സഹകരിക്കുകയും ചെയ്തു. അതിന്റെ ഫലമായി ശ്രീനാരായണ വിലാസം അപ്പർ പ്രൈമറി സ്കൂൾ യാഥാർത്ഥ്യമാവുകയും ചെയ്തു.

1962 ൽ 4 ഡിവിഷനുകളിൽ 64 വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച നമ്മുടെ വിദ്യാലയം ഇന്ന് ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ 6 ഡിവിഷനുകൾ സുഗമമായി പ്രവർത്തിക്കുന്നു. മികച്ച ശിക്ഷണവും കൃത്യമായ ആസൂത്രണവും ഉയർന്ന അച്ചടക്കവും പുലർത്തുന്ന വിദ്യാലയം സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം പ്രതിഭാശാലികൾക്ക് ജന്മം കൊടുത്തിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിൽ മാറുന്ന ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പുതുമയാർന്ന വിദ്യാഭ്യാസം ഒരുക്കുന്നതിൽ ശ്രദ്ധ കൊടുത്തുകൊണ്ട് നമ്മുടെ വിദ്യാലയം എന്നും അതിന്റെ മുന്നോട്ടുള്ള യാത്ര തുടരുന്നു.

## കുട്ടികളുടെ വിവരങ്ങൾ

| Std | B | G | T |
|---|---|---|---|
| V | 13 | 21 | 34 |
| VI | 17 | 20 | 37 |
| VII | 21 | 15 | 36 |
| Total | 51 | 56 | 107 |

# അവസ്ഥാ വിശകലനവും മുൻഗണനകളും

**അക്കാദമികം**

ധാരാളം നേട്ടങ്ങൾ അവകാശപ്പെടാൻ ഉള്ളപ്പോഴും ചില കോട്ടങ്ങൾ നമ്മെ പ്രതിസന്ധിയിൽ ആക്കുന്നുണ്ട്. വളരെ വിജയകരമായി വിദ്യാലയം മുന്നോട്ട് പൊയ് കൊണ്ടിരിക്കുമ്പോഴും ചില ഭൗതിക, അക്കാദമിക്ക് തടസ്സങ്ങൾ തടസ്സങ്ങളായി തന്നെ നിലനിൽക്കുന്നു.

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷത പഠന നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
- 10% കുട്ടികൾക്ക് അടിസ്ഥാന ശേഷികൾ ആർജിക്കാൻ കഴിയുന്നില്ല
- ഓരോ കുട്ടിയുടെയും നൈസർഗിക ശേഷികൾ തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിക്കുന്നതിന് വെല്ലുവിളികൾ നേരിടുന്നുണ്ട്
- ഗവേഷണ അധ്യാപനവും പഠനവും അധ്യാപകർക്കിടയിലെ നവീകരണവും പൂർണമാകുന്നില്ല
- പഠനപ്രക്രിയകളിലൂടെ കുട്ടികളിൽ പൂർണ്ണമായും ശാസ്ത്രബോധം ഉറപ്പിക്കാൻ സാധിക്കുന്നില്ല
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറ്റാൻ കഴിയുന്നില്ല
- കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല
- ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കാൻ കഴിയുന്നില്ല
- പാരിസ്ഥിതി അവബോധമുള്ള വിദ്യാഭ്യാസം പകർന്നു നൽകുമ്പോഴും കുട്ടികളിൽ പൂർണമായ പരിസ്ഥിതി ബോധം അവകാശപ്പെടാൻ കഴിയുന്നില്ല
- സാങ്കേതിക പരിജ്ഞാനം, AI പരിശീലനം എന്നിവ പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കാൻ വെല്ലുവിളികൾ നേരിടുന്നു
- ഭൗതികം സാമൂഹികം എന്നീ തലക്കെട്ടുകളിൽ വരുന്ന പ്രശ്നങ്ങൾ നമ്മുടെ പഴയ മാസ്റ്റർ പ്ലാനിലുള്ളത് തന്നെ ചേർത്താൽ മതിയാകും

**ഭൗതികം**

- എല്ലാ ക്ലാസ് മുറികളിലും I C T സാധ്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.
- കുട്ടികൾക്ക് വിപുലമായ രീതിയിൽ കായിക സൗകര്യങ്ങളൊരുക്കാൻ കഴിയുന്നില്ല.
- വിദ്യാലയം  ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തികരിക്കാൻ കഴിഞ്ഞിട്ടില്ല.
- റിസോഴ്സ് റൂമുകളുടെ അഭാവം

**സാമൂഹികം**

- പ്രാദേശിക വിഭവങ്ങൾ പൂർണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല
- സമൂഹവുമായുള്ള ബന്ധത്തിന് ഇഴയടുപ്പം ഉറപ്പിക്കുവാനാകുന്നില്ല.
- ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെ കുറിച്ചുള്ള ധാരണയില്ലായിമ .
- പ്രാദേശിക വിഭവപടം തയ്യാറാക്കാൻ സാധിക്കുന്നില്ല.

## ലക്ഷ്യങ്ങൾ

- വിദ്യാലയത്തിലെ ഓരോ കുട്ടിയും അതത് വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും നേടാൻ കഴിഞ്ഞു എന്ന് ഉറപ്പുവരുത്തുക
- ഓരോ കുട്ടിയിലും ഉള്ള നൈസർഗികശേഷികൾ കണ്ടെത്തി അവ പരിപോഷിപ്പിക്കാൻ പൂർണമായ സാഹചര്യം ഒരുക്കുക
- കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷവും, ഭൗതിക സാഹചര്യങ്ങളും, ഡിജിറ്റൽ സാക്ഷരതയും അക പരിജ്ഞാനവും ഉറപ്പുവരുത്തുക
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കുന്നതിന് ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക
- ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധത്തെക്കുറിച്ചും, തുല്യതയെക്കുറിച്ചും, ലിംഗ സമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് വളർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ സജ്ജീകരിക്കുക
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമാർജന അവബോധം, ശാസ്ത്രാവബോധം,,വിമർശനാ വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യുക
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയ അന്തരീക്ഷം മാറ്റിയെടുക്കുക
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റി നിശ്ചിത ഇടവേളകളിൽ മൂല്യനിർണയം നടത്തി കുട്ടികളുടെ പഠന പുരോഗതി കണ്ടെത്തുക
- കുട്ടികളിലെ ശാരീരിക മാനസിക കായിക വൈകാരിക പുരോഗതിക്ക് വേണ്ടുന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുക
- പിടിഎ ജനകീയമാക്കുക സുശക്തമാക്കുക
- വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങളുമായി( സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ഉൾപ്പെടെ) കൈകോർത്തുകൊണ്ട് കുട്ടികളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുക.
- എസ് എസ് കെ, കൈറ്റ് തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ പദ്ധതികളുമായി കൈകോർത്തുകൊണ്ട് മുന്നോട്ടുപോവുക.

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 7 | 2 |
| ആൺകുട്ടികളുടെ ടോയ്‌ലെറ്റ് | 1, യൂറിനൽ 9 | 1, യൂറിനൽ 5 |
| പെൺകുട്ടികളുടെ ടോയ്‌ലെറ്റ് | 7, യൂറിനൽ 2 | യൂറിനൽ 5 |
| കിണർ | 1 | - |
| ലൈബ്രറി | അലമാര - 1<br>ഷെൽഫ് - 1 | ഷെൽഫ് - 2 |
| ചുറ്റുമതിൽ | പൂർണ്ണം | - |
| കളി സ്ഥലം | ചെറുത് - 1 | 1 |
| ക്ലാസ് മുറിയിൽ റാമ്പ് | 2 | 2 |
| അടുക്കള | 1 | - |
| കമ്പ്യൂട്ടർ ലാബ് | ചെറുത് -1 | വലുത് - 1 |
| ലാപ്ടോപ് | 5 | 4 |
| പ്രൊജക്ടർ | 3 | 4 |
| സൗണ്ട് സിസ്റ്റം | 1 | 1 |
| ഗ്രീൻ ബോർഡ് | - | 6 |
| ശുദ്ധജല വിതരണ സഹായി | - | 2 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു പി മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1 | ഭാഷപരമായ അടിസ്ഥാനശേഷികൾ കൈവരിക്കാൻ കുട്ടികളെ സജ്ജരാക്കുന്നു. | • ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷികൾ അറിയുന്നതിനായി പ്രീ-ടെസ്റ്റ് നടത്തുന്നു.<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• അക്ഷര-പദ കാർഡുകൾ, പസിലുകൾ, അക്ഷരബ്ലോക്കുകൾ എന്നിവ ഉപയോഗിച്ച് അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നു. | ജൂൺ - നവംബർ<br>6 മാസം | അധ്യാപകർ | 2000 |
| 2 | എല്ലാകുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക | • പ്രതിദിനം ക്ലാസ്സുകളിൽ ഗ്രൂപ്പാക്കി പത്രവായന നടത്തുന്നു. വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ച ചെയ്യാനവസരം നൽകുന്നു. പത്രക്വിസ് സംഘടിപ്പിക്കുന്നു.<br>• ആഴ്ചയിൽ ഒന്നുവീതം ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. വായനക്കുറിപ്പ് തയ്യാറാക്കുന്നു.<br>• വായനശാല സജ്ജീകരിക്കുന്നു. | 6 മാസം | അധ്യാപകർ | 2000 |
| 3. | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗാത്മരചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാപ്തരാക്കുന്നു | • സാഹിത്യശില്പശാലകൾ സംഘടിപ്പിക്കൽ, സാഹിത്യവാസനകൾ പ്രകടിപ്പിക്കുന്നതിനായി സ്കൂൾ ആകാശവാണി പ്രയോജനപ്പെടുത്തൽ, പ്രാദേശിക സാഹിത്യകാരന്മാരുമായി മുഖാമുഖം പരിപാടി, രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ, കുട്ടികളുടെ സാഹിത്യസൃഷ്ടികൾ പ്രസിദ്ധികരിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | 2000 |
| 4 | ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ | • പാഠഭാഗങ്ങളള്‍ I.C.T,AI സാധ്യതകൾ ഉപയോഗിച്ച് ക്ലാസ്സ് പുനരാവിഷ്കരിക്കുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിലിം എന്നിവ പ്രദർശിപ്പിക്കൽ<br>• മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക<br>• ഡിജിറ്റൽ പോസ്റ്റർ, മാഗസിൻ എന്നിവ നിർമ്മിക്കാൻ കുട്ടികളെ സഹായിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | 2000 |
| 5 | കുട്ടികളുടെ ആശയവിനിമയശേഷി | • പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട് സംവാദങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. | ജൂൺ - | | |

| | | | | | |
|---|---|---|---|---|---|
| | വികസിപ്പിക്കുക | • കുട്ടികളുടെ ആകാശവാണി പ്രവർത്തനങ്ങൾ ശക്തമാക്കുക<br>• മലയാളത്തിളക്കം പോലുള്ള പരിപാടികൾ മികച്ചതാക്കുക<br>• ദിനാചരണങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക | മാർച്ച് | അധ്യാപകർ | 2000 |

# U P ENGLISH

| Aim | Activity | Period | Finance | Agency |
|---|---|---|---|---|
| Provides an opportunity to listen to English correctly and speak it effortlessly. | 1. Listen & Learn<br>Students listen to English audioclips, announcement and passages. Based on these, the respond to questions and participate in related activities.<br>2. Move to the words/Action listening<br>Students follow the teacher's oral instructions and actions. Helps improve active listening.<br>3. News Catchers<br>Students listen to important news in English and respond through discussions or questions.<br>4. Find the Clue<br>A part of short story or dialogue in missing students listen to clues and identify the missing character or word clue trackers/listen & find students follow spoken clues to find hidden items. | Continuously every day<br><br>At the end of the year | | Teachers |
| Speaking Skill Development | Word Talk<br><br>Role-play as foreigners and introduce themselves<br><br>Spotlight Talk<br><br>Each students perform short speeches, stories, poems or skit in English.<br><br>I too can<br><br>Aimed boosting the confidence of shy students they express themselves using pictures, charts, puppets etc.<br><br>Learning Ladder<br><br>Step-by-step speech development | | | |

| | | | | |
|---|---|---|---|---|
| | FM Corner<br><br>Reader's theatre/radio style reading<br><br>Reader of the month recognition of best reader monthly | | | |
| Reading Skill Development | My reading moments<br>Personal reading diary<br>Sign Spotters<br>Reading real life signs, posters etc.<br>Read & Run<br>Running word/sentence reading game<br>Giggle and read<br>Fun reading (jokes, puzzles etc.) | | | |
| Writing skill development | Write & Act /Dialogue writers<br><br>Student write and perform dialogues.<br><br>The Grand Camp<br><br>Story Park, Short writing practice, writer's workshop/Let's write better | | | |

# HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഹിന്ദിയിലെ അടിസ്ഥാന ശേഷി ഉറപ്പാക്കൽ | ഹിന്ദി ഗ്രന്ഥശാല വായന കാർഡ് നിർമ്മാണം , ഹിന്ദി ദിനാചരണങ്ങൾ, ഹിന്ദി അസംബ്ളി, ഹിന്ദി വാർത്താ വായന | ഒരു വർഷം | പൂർവ്വവിദ്യാർത്ഥികൾ | 10000 |
| ഹിന്ദി അന്തരീക്ഷം/ എഴുത്ത് മെച്ചപ്പെടൽ | ഹിന്ദി സാഹിത്യകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കൽ, ഹിന്ദി പത്രം (ആഴ്ചയിലൊരിക്കൽ) | 6 മാസം | സ്പോൺസർഷിപ്പ് | 2000 |
| ഹിന്ദി ഭാഷയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. | ഹിന്ദി ഫെസ്റ്റ് സുഗമ ഹിന്ദി പരീക്ഷ വർക്ക് ഷീറ്റ് നിർമ്മാണം | 6 മാസം | സ്പോൺസർഷിപ്പ് | 5000 |
| ഹിന്ദിയിലെ ആശയപ്രകടനം സുഗമമാക്കൽ | സ്പോക്കൺ ഹിന്ദി ക്ലാസ്സുകൾ | 1 വർഷം | സ്പോൺസർഷിപ്പ് | 10000 |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം.

## മേഖല :സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഇൻഡ്യയിലെ ഔദ്യാഗികഭാഷകളിൽ ഒന്നാണ് കേരളം<br><br>യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പാക്കൽ | 1. **ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ<br>-<br>ആഗസ്റ്റ് | PTA<br>റിസോഴ്സ് അധ്യാപിക | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ICT |
| | 2. **പറയാം പഠിക്കാം**<br>• **ചിത്രങ്ങളുടെ പേര് പറയൽ**<br>• **ചിത്രകഥകൾ**<br>• **ലഘുസംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ** | ജൂൺ<br>-<br>ജൂലൈ | റിസോഴ്സ് അധ്യാപിക | സംസ്കൃത കഥാപുസ്തകം<br>ICT |
| 2. വീട് ഒരു പരീക്ഷണശാല<br><br>(കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക | സെപ്റ്റംബർ<br>-<br>ഒക്ടോബർ | | സംസ്കൃതം നിഘണ്ടു |

| | | | | |
|---|---|---|---|---|
| | • ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | | | |
| 3. വായനാലോകം<br><br>(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ളിയിൽ അനുമോദിക്കുക | 6 മാസം | റിസോഴ്സ് അധ്യാപിക | ക്ലാസ് ലൈബ്രറി |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ<br>-<br>മാർച്ച് | റിസോഴ്സ് അധ്യാപിക | ക്ലാസ് റൂം |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ<br>-<br>മാർച്ച | റിസോഴ്സ് അധ്യാപിക | ക്ലാസ് റൂം |
| 6. ആസ്വാദന ലോകം<br><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർകൾക്ക് അവസരം നൽകൽ | 6 മാസം | റിസോഴ്സ് അധ്യാപിക | ക്ലാസ് ലൈബ്രറി |

| | | | | |
|---|---|---|---|---|
| | • മാസത്തിൽ ഒരു തവണ ആസ്വാദനസഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | | | |
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>• ഗൃഹസന്ദർശനം നടത്തുന്നു | ജൂൺ<br>-<br>മാർച്ച | റിസോഴ്സ് അധ്യാപിക | ക്ലാസ് റൂം |
| 8. ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം.
## മേഖല : ഉർദു,

പേര് : പ്യാരി ഉർദു
പദ്ധതി : ഏക്ദിൻ ഏക് തസ്‌വീർ
ഏക്ദിൻ ഏക് ജുംല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ഉർദു വായിക്കുവാനും, എഴുതുവാനും സ്വതന്ത്രമായി രചനനടത്തുന്നതിനുമുള്ള ശേഷി വർധിപ്പിക്കുക | **ഒന്നാംഘട്ടം**<br>ഒരോ ദിവസവും കുട്ടിയ്ക്ക് ഒരു ചിത്രം കാണിക്കുന്നു അതിലുള്ള വസ്തുക്കളുടെ പേര് പറയാൻ ആവശ്യപ്പെടുന്നു. പിറ്റേ ദിവസം വരുമ്പോൾ അതിലുള്ള ഒരു വസ്തുവിന്റെ മാത്രം ചിത്രം വരച്ചു പേരു എഴുതികൊണ്ടുവരുവാൻ ആവശ്യപ്പെടുന്നു (അധ്യാപകർപേര് ഉറുദുവിൽ കുട്ടിയെ പരിചയപ്പെടുത്തുന്നു). | ഒരു വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1500 |
| ഉർദു ഭാഷ, സാഹിത്യം, എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ ലഭ്യമാക്കൽ. | ഒരു വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1500 |
| ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യരചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക | രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യപൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുക | ഒരു വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1500 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു പി : സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1 | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • **കണ്ടറിയാനൊരു യാത്ര**<br>കുളം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ<br>• **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു.ശാസ്ത്ര പരീക്ഷണങ്ങളുടെ കുറിപ്പുകൾ ഉൾപ്പെടുത്തി ഒരു ശേഖരം തയ്യാറാക്കുന്നു<br>• **പ്രകൃതി വിഭവ സംരക്ഷണം**<br>കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ള പരിശോധന | ജൂൺ<br><br>അക്കാദമിക വർഷം<br><br>ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ<br><br>സയൻസ് ക്ലബ്ബ്<br><br>അധ്യാപകർ | പി ടി എ<br><br>രക്ഷിതാക്കൾ |
| 2 | ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക, ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കൽ | • **മാസ്റ്റർ മൈന്റ്**<br>ശാസ്ത്രക്ലബ്ബ്, ആരോഗ്യക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു.<br>• **ശാസ്ത്രവിസ്മയ ചുമർ**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br>• **മുഖാമുഖം**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം ശാസ്ത്രത്തിലെ നൂതന ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള ശാസ്ത്ര മാസിക ഉൾപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br><br>അക്കാദമിക വർഷം | ശാസ്ത്രക്ലബ്ബ് ആരോഗ്യ ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | പി ടി എ<br><br>ശാസ്ത്രക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | | • **<u>യുറേക്കാ</u>**<br>ശാസ്ത്രലൈബ്രറി - കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രമാസിക ഉൾപ്പെടുത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3 | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രയോജനപ്പെടുത്തുന്നു | • **<u>വിസ്മയയാത്ര</u>**<br><br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി ടി എ |
| 4 | ശാസ്ത്രലാബ് സജ്ജമാക്കൽ | • **<u>ശാസ്ത്രലാബ്</u>**<br>ഓരോ ക്ലാസ്സിലെയും പഠനലക്ഷ്യവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകം സജ്ജമാക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ശാസ്ത്രാധ്യാപകർ | ശാസ്ത്രക്ലബ്ബ് |
| 5 | ശുചിത്വ വിദ്യാലയം, ലഹരിവിരുദ്ധ വിദ്യാലയം നടപ്പിലാക്കൽ | • **<u>ബോധവത്ക്കരണ പ്രവർത്തനങ്ങൾ</u>**<br><br>ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ<br>ലഹരി - കൗമാരക്കാരിൽ ബോധവത്ക്കരണ ക്ലാസ്<br>(ഓരോ മേഖലയിലേയും വിദഗ്ധരുടെ നേതൃത്വത്തിലുള്ള ബോധവത്ക്കരണ ക്ലാസ്) | അക്കാദമിക വർഷം | അധ്യാപകർ | രക്ഷിതാക്കൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളെ ഭൂപടവായനയിൽ പ്രാവീണ്യമുള്ളവരാക്കിത്തീർക്കുക | • 7,6,5 ക്ലാസ്സുകളിലെ കുട്ടികൾക്ക് യഥാക്രമം ലോകം, ഇന്ത്യ, കേരളം എന്നിവയുടെ ഔട്ട്ലൈൻ ഭൂപടം നൽകുന്നു<br>• പാഠപുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള ലോകരാജ്യങ്ങൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേരളത്തിലെ ജില്ലകൾ എന്നിവ യഥാക്രമം ഭൂപടത്തിൽ രേഖപ്പെടുത്താൻ സഹായിക്കുന്നു.<br>• കാലികപ്രാധാന്യമുള്ള സംഭവങ്ങൾ പരാമർശിക്കുന്ന സ്ഥലങ്ങളും അടയാളപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | 2500 |
| 2 | ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | • സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് പൊതുതിരഞ്ഞെടുപ്പിന്റെ അതേ മാതൃകയിൽ സംഘടിപ്പിക്കുന്നു.<br>• ഗ്രാമസഭയിൽ മാതാപിതാക്കൾ, അധ്യാപകർ എന്നിവരോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കൽ<br>• ജനപ്രതിനിധികളുമായി അഭിമുഖ സംഭാഷണം സംഘടിപ്പിക്കൽ<br>• ക്ലാസ്സ് തല ബാലസഭകൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ | 2000 |
| 3 | കുട്ടികളിൽ ഭരണഘടനാ സാക്ഷരത ഉറപ്പാക്കുക | കുട്ടികൾക്ക് ഭരണഘടനയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി അഭിഭാഷകരുമായി സമ്പർക്ക ക്ലാസ്സുകൾ, ക്ലാസ്സ് ഭരണഘടന പസിലുകൾ എന്നിവ നടത്തുന്നു. | ജൂലൈ - നവംബർ | അധ്യാപകർ | 3000 |
| 4 | പ്രകൃതി ദുരന്തങ്ങളെ തിരിച്ചറിഞ്ഞ് രക്ഷാപ്രവർത്തനങ്ങളിലേർപ്പെടാൻ പഠിതാക്കളെ സജ്ജരാക്കുന്നു.<br><br>ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ | പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിന്റെ ഭാഗമായി ബോധവത്ക്കരണ ക്ലാസ്സുകൾ, മോക്ട്രില്ലുകൾ, വിദഗ്ധരുടെ സേവനം എന്നിവ പ്രയോജനപ്പെടുത്തുന്നു. | മൂന്ന് മാസം | പി ടി എ | 2000 |

| | | | | | |
|---|---|---|---|---|---|
| 5 | സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്നു | സാമൂഹ്യശാസ്ത്ര പഠനത്തിനായി വിവിധ ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നു. ന്യുസെല, ജിയോഎർത്ത്, കെ സ്റ്റാർ, AI സങ്കേതങ്ങൾ എന്നിവ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ<br>-<br>മാർച്ച് | അധ്യാപകർ<br>പി ടി എ | 2000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു പി : മാത്തമാറ്റിക്സ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | • മുൻ ക്ലാസ്സുകളിൽ കുട്ടികൾ നേടേണ്ട ശേഷികൾ നേടിയോ എന്നറിയാൻ പ്രീടെസ്റ്റ്<br>• ഗണിതവിജയം, ഉല്ലാസ ഗണിതം പോലുള്ള പദ്ധതികളുടെ കൂടെ സഹായത്താൽ പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | |
| 2 | ഗണിതശാസ്ത്രപഠനം രസകരവും ആകർഷകവുമാക്കുക, ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുക | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ഗണിതക്ലബ്ബ് ശാക്തീകരണം<br>• ഗണിതമാഗസിൻ, ഗണിത ഡിക്ഷണറി ഇവ തയ്യാറാക്കൽ<br>• ഗണിത സ്കിറ്റ്<br>• ഒറിഗാമി, ടാൻഗ്രാം | ജൂൺ | ഗണിതക്ലബ്ബ് | |
| 3 | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക, ഓരോ പ്രദേശത്തിന്റെയും തനത് ഗണിത രീതികളെ പരിചയപ്പെടുത്തുക | **ശില്പശാല**<br>• കുട്ടികൾ നേതൃത്വം നൽകുന്ന ഗണിതസ്റ്റോർ<br>• പ്രാദേശികമായി ലഭ്യമാക്കുന്ന വിദഗ്ധരെ പങ്കെടുപ്പിച്ച് ശില്പശാലകൾ / അഭിമുഖം സംഘടിപ്പിക്കുന്നു | | | SRG |
| 4 | ശിശു സൗഹൃദ ഗണിതപഠനം | • ഗണിത ലാബ് ശാക്തീകരണം<br>• ക്ലാസ് തല ഗണിതലാബ് ശാക്തീകരണം<br>• ഗണിത ലൈബ്രറി സജ്ജീകരിക്കൽ<br>ഗണിതപാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കുന്നു | | ഗണിതക്ലബ്ബ് | |
| 5 | പ്രത്യേകപരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക | • ICT സാധ്യതകൾ ഉപയോഗിക്കൽ<br>• ജിയോജിബ്ര, J Fraction lab ഇവ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തൽ | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | |
| 6 | എല്ലാ കുട്ടികൾക്കും ഗണിതപഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി | • ഗണിതവുമായി ബന്ധപ്പെട്ട് വികാസപ്രദ വിലയിരുത്തലിനുവേണ്ട സാമഗ്രികൾ തയ്യാറാക്കുന്നു. വികാസപ്രദവിലയിരുത്തൽ നടത്തി കൃത്യമായി രേഖപ്പെടുത്തുന്നു.<br>• സ്കൂൾ തല ഗണിത അധ്യാപക കൂട്ടായ്മയിൽ | ജൂൺ | ഗണിത | |

| | | | | | |
|---|---|---|---|---|---|
| | അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക | ചോദ്യബാങ്കുകളും, വർക്ക്ഷീറ്റുകളും തയ്യാറാക്കുന്നു.<br>• സാധ്യതയുള്ള യൂണിറ്റുകളിൽ സെമിനാർ, സംവാദം, വർക്ക്ഷോപ്പ്, ഗണിതനാടകം തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br>• ഗണിതോത്സവങ്ങൾ സംഘടിപ്പിക്കുന്നു. | – ഫെബ്രുവരി | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഐ ടി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഐ ടി മേഖലയിൽ ഒന്നുപോലെ പ്രാഗത്ഭ്യം തെളിയിക്കുന്നില്ല. ആവശ്യമായ കമ്പ്യൂട്ടറുകളുടെ അഭാവം എല്ലാ ക്ലാസിലും പ്രൊജക്ടർ ലഭ്യമല്ലാത്ത അവസ്ഥ. | 1. എല്ലാ കുട്ടികൾക്കും കൃത്യമായി പരിശീലനം ഉറപ്പാക്കുന്നു<br>2. പഠനബോധനപ്രക്രിയയിലും അറിവ് നിർമ്മാണത്തിലും കമ്പ്യൂട്ടർ ഉൾചേർത്തിട്ടുള്ള വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക<br>3. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക<br>4. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള സാധ്യതകൾ ഉപയോഗിക്കാൻ അവസരമൊരുക്കുക.ടീച്ചർക്കും കുട്ടികൾക്കും കമ്പ്യൂട്ടർ നൈപുണി വികസിപ്പിക്കുക<br>5. പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹാരത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ്, AI എന്നിവയുടെ സഹായത്തോടെ കണ്ടെത്തുക<br>6. കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലനം നൽകുക | 2025-26 അധ്യയനവർഷം | പൂർവ്വ വിദ്യാർത്ഥികൾ<br><br>അഭ്യുദയ കാംക്ഷികൾ | 75000<br><br>200000<br><br>25000 |

# അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ തൊഴിൽ മേഖലകളെ കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ടമേഖലകൾ ഏതൊക്കെയാണെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക | കുട്ടികളുടെ അഭിരുചികൾ തിരിച്ചറിയുന്നതിനുവേണ്ടി ശിൽപ്പശാലകൾ സംഘടിപ്പിക്കുക,വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുക | 1 മാസം | പി ടി എ | |
| തൊഴിൽ ഉഗ്രത വിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, വ്യവസായം, പാഴ്‌വസ്തു പരിപാലനം, പംബ്ലിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, സ്റ്റേഷനറി, കരകൗശലം, എംബ്രോയിഡറി, മോഡലിംഗ്, പെയിന്റിംഗ് എന്നിവയെ മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രധിപ്പിച്ചു പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുക | ഓരോ അധ്യാപകരും തങ്ങളുടെ പാഠഭാഗങ്ങളിലെ തൊഴിൽ ഉദ്ഗ്രഥിത മേഖലയുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തനങ്ങൾ ആദ്യം തന്നെ കണ്ടെത്തുന്നു.തുടർന്ന് പരിശീലന പരിപാടികൾ, മത്സരയിനങ്ങൾ എന്നിവ സംഘടിപ്പിച്ച് കിട്ടുന്ന ഉത്പ്പന്നങ്ങളെ പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നു. | 2025 -2026 അധ്യയനവർഷം | SRG | 5000 |

## അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക | ചിത്രരചന, സംഗീതം, സാഹിത്യം, നൃത്തം, അഭിനയം എന്നീ വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ സംഘടിപ്പിച്ച കലാ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | 3 മാസം | പി ടി എ | 5000 |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക | കലാപഠനത്തിന്റെ പീരിയഡിൽ പഠനത്തോടൊപ്പം കുട്ടികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുവാനുള്ള നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | 2025-26 അധ്യയന വർഷം | SRG | |
| ആധുനികസാങ്കേതികവിദ്യ സാധ്യതകൾ കലാപരിശീലനത്തിനായി വിനിയോഗിക്കുക | കലാപ്രകടനത്തിന് സാങ്കേതികവിദ്യയുടെ സഹായം ഉപയോഗപ്പെടുത്താൻ കുട്ടികളെ പരിശീലിപ്പിക്കുന്നു. ഉദാ: നാടകങ്ങൾക്ക് ബാഗ്രൗണ്ട് കൊടുക്കൽ, സൗണ്ട് ഇഫക്ട്സ് etc. | 2025-26 അധ്യയന വർഷം | SRG | |

## അക്കാദമിക മാസ്റ്റർപ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : കായികവിദ്യാഭ്യാസം - കായികരേഖ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമത ഉറപ്പുവരുത്തുക | • എല്ലാ കുട്ടികൾക്കും പരിശീലനം നൽകുക<br>• സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക<br>• പ്രദേശത്തുള്ള കായികപ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>• യോഗാക്ലാസുകൾ സംഘടിപ്പിക്കുക<br>• അയോധനകലകളിൽ പരിശീലനം നൽകുന്നു. | 2025-26 അധ്യയനവർഷം | PTA<br>പൂർവ്വ വിദ്യാർത്ഥികൾ | 50000 |
| സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കൽ | • കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>• സ്പോർട്സ് അക്കാദമി രൂപികരിക്കൽ | 2025-26 അധ്യയനവർഷം | തദ്ദേശസ്വയം ഭരണസ്ഥാപനം, സ്റ്റാഫ്, പി ടി എ | 25000 |
| ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക | • വൈദ്യപരിശോധന<br>• ആരോഗ്യക്ലാസുകൾ<br>• സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം | 2025-2026 | ഹെൽത്ത് ക്ലബ്ബ് | 5000 |
| പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും പ്രഥമശുശ്രൂഷാരീതികൾ ആർജ്ജിക്കുന്നതിനും കുട്ടികളെ സജ്ജരാക്കുക | • വിദഗ്ദ്ധരുടെ സേവനം<br>• മോക്ഡ്രിൽ<br>• ആരോഗ്യപ്രവർത്തകരുമായി അഭിമുഖം | | | |

## ഉദ്ഗ്രഥന പ്രവർത്തനങ്ങൾ (ശാസ്ത്രം, സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1) Weather station – BS @B.S കാലാവസ്ഥയെക്കുറിച്ചുള്ള ധാരണ വർദ്ധിപ്പിക്കുകയും ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കൽ | സ്കൂളിൽ വെതർസ്റ്റേഷൻ സ്ഥാപിക്കൽ<br>കുട്ടികളെ ഉപകരണങ്ങൾ ഉപയോഗിക്കാൻ പാപ്തരാക്കൽ<br>ഉപ കരണങ്ങളിലൂടെയുള്ള കാലാവസ്ഥാ നിർണയം സാധ്യമാക്കൽ. | 3 മാസം | SRG,PTA | 25000 |
| 2) ആകാശഗോളങ്ങളെ അടുത്തറിയുക | ഗ്രഹങ്ങളെക്കുറിച്ചും ആകാശഗോളങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾ ദൂരികരിക്കൽ,<br>ശാസ്ത്രജ്ഞരുമായി അഭിമുഖം,<br>വിക്ഷേപണകേന്ദ്രങ്ങൾ സന്ദർശിക്കൽ<br>വിആർ ക്ലാസ് പ്രദർശനംetc. | 3 മാസം | SRG,PTA | 10000 |

# സ്കൂൾ ഏറ്റെടുത്തു നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ

1. മിയാവാക്കി വനവത്ക്കരണം

സ്പോൺസർമാർ, പി.ടി.എ, പൂർവ്വവിദ്യാർത്ഥികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| സ്കൂളിൽ ഒരു വനം സൃഷ്ടിക്കുക, ഭൂമി ഹരിതസമൃദ്ധമാക്കുക, പാഠപുസ്തകങ്ങളിൽ പരാമർശിക്കപ്പെടുന്ന വൃക്ഷങ്ങൾ കാണുന്നതിനും മനസ്സിലാക്കുന്നതിനും ഇത്തിരി സ്ഥലത്ത് ഒരു കൊച്ചുവനം എന്ന മിയാവാക്കി മാതൃകവനം സ്ഷ്ടിച്ചെടുക്കുക. സ്കൂളിൽ മാത്രമല്ല സാധ്യതയുള്ള കുട്ടികളുടെ വീടുകളിലും മിയാവാക്കി വനം സൃഷ്ടിക്കുന്നു. നമ്മുടെ മുന്നിൽ നിന്നും അപ്രത്യക്ഷരായ കിളികളേയും ശലഭങ്ങളേയുമൊക്കെ തിരിച്ചെത്തിക്കുവാൻ ശ്രമിക്കുക. | | കാലയളവ് - ഒരു വർഷം | പി.ടി.എ | 25000 |
| 2. ജൈവകൃഷി<br><br>ജൈവപച്ചക്കറി കൃഷിയിലുടെ സ്കൂൾ സ്വയം പര്യാപ്തമാക്കുന്നു. | സ്ക്കുളിലേക്ക് വേണ്ടുന്നവിഷരഹിതപച്ചക്കറികൾ പരമാവധി ഉൽപാദിപ്പിക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ കുട്ടികൾ കൃഷിയെക്കുറിച്ചും മണ്ണിനെ കുറിച്ചും കൂടുതൽ അറിയുന്നു | കാലയളവ് - ആറ് മാസം | പി.ടി.എ | 10000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| • കുട്ടികളിലെ ആത്മവിശ്വാസക്കുറവ് | • വിദ്യാലയപ്രവർത്തനങ്ങളിൽ സമ്മാനിതരാകുന്നവരുടെ ചിത്രം ബുള്ളറ്റിൻ ബോർഡിൽ നിത്യവും പ്രദർശിപ്പിക്കൽ<br>• കുട്ടികളിൽ അഭിപ്രേരണ വളർത്തൽ<br>• വിദ്യാലയപ്രവർത്തനങ്ങൾ ആകർഷകമാക്കൽ | 1 വർഷം | പൂർവ്വ വിദ്യാർത്ഥികൾ | 5000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : മിഷൻ യു എസ് എസ്, മിഷൻ ന്യൂ മാത്സ് - സ്റ്റെപ്പ് ഇൻ റ്റു സ്റ്റെപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| • യു എസ് എസ്, മിഷൻ ന്യൂ മാത്സ്, സ്റ്റെപ്സ് പരീക്ഷയിലെ വിജയശതമാനം ഉയർത്തൽ.<br>• കുട്ടികൾക്ക് ഇത്തരം പരീക്ഷകളോടുള്ള വിമുഖത അവസാനിപ്പിക്കൽ | • പാഠഭാഗങ്ങൾ പഠിപ്പിക്കുമ്പോൾ തന്നെ ഇത്തരം പരീക്ഷകളെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രത്യേകപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>• കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ ലഭ്യമാക്കൽ<br>• ഓൺലൈൻ പരിശീലനങ്ങൾ<br>• അവധിക്ക് പ്രത്യേകപരിശീലനങ്ങൾ<br>• സ്റ്റെപ്സ്, ന്യൂ മാത്സ് പരീക്ഷകൾക്ക് 5-ാം തരത്തിലെ പരിശീലനം ലഭ്യമാക്കൽ<br>• മുൻകാല ചോദ്യപേപ്പർ, മാതൃക ചോദ്യങ്ങൾ, വിദഗ്ദ്ധ പരിശീലനങ്ങൾ ലഭ്യമാക്കൽ | 1 വർഷം | 5000 | SRG,PTA |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| • രക്ഷിതാക്കളുടെ പങ്കാളിത്തം വിദ്യാലയപ്രവർത്തനങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കൽ.<br>• രക്ഷിതാക്കളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കൽ | • രക്ഷിതാക്കളുടെ പങ്കാളിത്തം പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തതൽ<br>• രക്ഷിതാക്കൾക്കായി ബോധവത്ക്കരണ ക്ലാസുകൾ<br>• ഉച്ചഭക്ഷണപരിപാടികളിൽ പങ്കാളിത്തം ഉറപ്പാക്കൽ<br>• രക്ഷിതാക്കളുടെ സർഗ്ഗാത്മക വളർച്ച ലക്ഷ്യമാക്കിയുള്ള വിവിധ പരിപാടികൾ<br>• കോർണർ പി ടി എ സംഘടിപ്പിക്കൽ<br>• രക്ഷിതാക്കളെ വിദ്യാലയത്തിലെ സാംസ്കാരിക കലാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ | 1 വർഷം | പി ടി എ<br>പൊതുജനങ്ങൾ<br>പൂർവ്വ വിദ്യാർത്ഥികൾ | 15000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പൊതുവിജ്ഞാനം - G.K ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പൊതുവിജ്ഞാനനിലവാരം ഉയർത്തുക | 1. എല്ലാ ദിവസവും അസംബ്ളിയിൽ ഒരു ജി കെ ചോദ്യം വീതം കുട്ടികളോട് ചോദിക്കുന്നു. ശരി ഉത്തരം നൽകുന്നവരെ അനുമോദിക്കുന്നു. കുട്ടികൾ നോട്ടുബുക്കിൽ അവ രേഖപ്പെടുത്തുന്നു.ഒരു മാസം കൂടുമ്പോൾ മെഗാക്വിസ് സംഘടിപ്പിക്കുന്നു.<br>2. ക്ലാസ് റൂമിൽ ലഭ്യമാക്കിയിട്ടുള്ള പത്രമാധ്യമങ്ങൾ ഉപയോഗിച്ച് എല്ലാ ദിവസവും പത്രക്വിസ് സംഘടിപ്പിക്കുന്നു<br>3. കൂടുതൽ മാസികകളും ആനുകാലികങ്ങളും സമാഹരിച്ച് വായനമൂല സജീവമാക്കുന്നു. | 2023-24 അധ്യയനവർഷം | അഭ്യുദയ കാംഷികൾ | 15000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | • പരിശീലനത്തിനാവശ്യമായ അധ്യാപകരെ പി ടി എ യുടെ നേതൃത്വത്തിൽ കണ്ടെത്തൽ<br>• പ്രാദേശികമായി ലഭ്യമായ കലാകാരൻമാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക | 2023 ആദ്യപാദം | ബി ആർ സി | 5000 |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല. | • തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യുക | 2023 മുതൽ | പി ടി എ | 5000 |
| അസംസ്കൃത വസ്തുക്കളുടെ അഭാവം | • പ്രാദേശിക വിഭവങ്ങളുടെ ശേഖരണം<br>• പ്രവർത്തി പരിചയ ലാബ് തയ്യാറാക്കുക | 2023 - 2024 | പി ടി എ, പൂർവ്വ വിദ്യാർത്ഥികൾ | 30000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഭിന്നശേഷി നിലവാരക്കാർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ | ● ആദ്യമാസത്തിൽ തന്നെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുക | 2025 ആദ്യപാദം | ബി ആർ സി | 5000 |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം പരമാവധി പ്രയോജനപ്പെടുത്തൽ | ● റിസോഴ്സ് ടീച്ചേർഴ്സിന്റെ സേവനം സാധ്യമായ ദിവസങ്ങളിൽ ലഭ്യമാക്കുക<br>● ഐ സി ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക<br>● ഇത്തരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക TM തയ്യാറാക്കുക<br>● സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക<br>● ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവ ഒരുക്കുക<br>● ഒറ്റ റിസോഴ്സ് റൂം വിദ്യാലയത്തിൽ ആരംഭിക്കുക | 2025 | ബി ആർ സി<br>പി ടി എ | 3000 |
| കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുക | ● മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു | 2025 മുതൽ | ബി ആർ സി<br>പി ടി എ | 10000 |
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക | ● art camp, craft camp, field trip എന്നിവ സംഘടിപ്പിക്കുന്നു<br>● വിഷയവിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നു. | | | |
| സാമൂഹ്യ പങ്കാളിത്തത്തിന്റെ കുറവ് | ● പിയർ ടീച്ചേർഴ്സ് ആയി കുട്ടികളെ പ്രയോജനപ്പെടുത്തുക<br>● കൃഷിപാഠം, ശാസ്ത്രപരീക്ഷണം, പ്രകൃതി നിരീക്ഷണം, സോപ്പ് നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | 2025 മുതൽ | | 5000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഉച്ചഭക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ഉറപ്പാക്കുക | • എല്ലാ ദിവസവും രാവിലെ കുട്ടികൾക്ക് പോഷകപ്രധാനമായ പ്രഭാതഭക്ഷണം നൽകുക | 2025-2026 | Noon feeding committee | പ്രാദേശിക സാമ്പത്തിക സമാഹരണം |
| പോഷകപ്രധാനമായ ഭക്ഷണം നിത്യവും ഉറപ്പാക്കുക | • രക്ഷിതാക്കളുടെ പങ്കാളിത്വത്തിൽ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുക<br>• എല്ലാ കുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ ഉറപ്പാക്കുക<br>• കുട്ടികളുടെ ജന്മദിനം, മറ്റ് ചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ട് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് സഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കൽ<br>• ഉച്ചഭക്ഷണ പദ്ധതിയിലേക്ക് തൊട്ടടുത്ത സമൂഹത്തിന്റെ പങ്കാളിത്തവും സഹായവും ഉറപ്പാക്കൽ | 2025-2026 | പ്രാദേശിക സ്വയംഭരണ സ്ഥാപനം, ഗവ.ഏജൻസി, പി ടി എ | 15000 |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ പ്രാദേശിക വിഭവങ്ങൾ എന്നിവ ഉറപ്പാക്കുക | • പ്രാദേശികതലത്തിൽ പച്ചക്കറി സമാഹരണം കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തുക<br>• സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക<br>• സ്കൂൾ പരിസരത്ത് പപ്പായ, മുരിങ്ങ, വാഴ കൃഷി എന്നിവ വ്യാപിപ്പിക്കുക | 1 വർഷം | പി ടി എ<br>കാർഷിക ക്ലബ്ബ് | 10,000 |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| അധ്യാപകർക്ക് ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ പരിശീലനം ഉറപ്പാക്കുക | • ICT ഉൾപ്പെടെ ആധുനികപരിശീലനം നൽകൽ. വിദ്യാഭ്യാസ മേഖലയിലെ പുത്തനറിവുകൾ (ലേഖനങ്ങൾ, കണ്ടെത്തലുകൾ, സർവ്വേകൾ എന്നിവ ലഭ്യമാക്കൽ)<br>• അധ്യാപക ശാക്തീകരണ സെമിനാറുകൾ, ക്ലാസുകൾ, പരിശീലനങ്ങൾ സംഘടിപ്പിക്കൽ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുത്തനറിവുകൾ വിനിമയം ചെയ്യുന്നതിനായി SRG യോഗങ്ങൾ പുനസംഘടിപ്പിക്കുന്നു. | 3 മാസം<br>3 മാസം<br>3 മാസം | SRG, PTA മറ്റ് അഭ്യുദയ കാംക്ഷികൾ | 3000<br>5000<br>3000 |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : സ്കൂൾ ഏറ്റെടുക്കുന്ന സന്നദ്ധപ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| വിദ്യാലയവും സമൂഹവുമായിട്ടുള്ള ബന്ധത്തിലെ ഊഷ്മളത ഊട്ടിയുറപ്പിക്കുക, കുട്ടികളിലെ കുറഞ്ഞുവരുന്ന സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുക | ● കുട്ടികൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന സാമൂഹിക പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുന്നു.(പരിസര ശുചീകരണം, വിദ്യാലയത്തിന്റെ പരിസരത്തുള്ള പൊതുയിടങ്ങൾ വൃത്തിയാക്കൽ തുടങ്ങിയവ<br>● സ്കൂൾ കുട്ടികളിൽ നിന്ന് ഏറ്റവും അർഹരായവരെ കണ്ടെത്തി ഗൃഹനിർമ്മാണം, മെയിന്റനൻസ്, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ ഏർപ്പെടുത്തൽ<br>● മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവ പൊതുജനങ്ങൾക്കായി സംഘടിപ്പിക്കൽ<br>● സാമൂഹിക വനവത്ക്കരണം, തണ്ണീർതട വികസനം, കാവ് സംരക്ഷണം എന്നിവ ഏറ്റെടുക്കൽ | 2025-2026 | പി ടി എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>മറ്റ് അഭ്യുദയ കാംക്ഷികൾ | 5000<br>50000 - 100000 |

സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള രേഖകൂടിയാണ് ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ. കരിക്കുലം വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യങ്ങൾ അതാത് ഘട്ടത്തിലുറപ്പിക്കാൻ പര്യാപ്തമാകുന്ന തരത്തിലാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഒരു വർഷത്തേക്കുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് ഇവിടെ ആസൂത്രണം ചെയ്തിരിക്കുന്നത്. ഊർജ്ജസ്വലരായ അധ്യാപകരുടെയും ആത്മാർത്ഥതയുള്ള പി.ടി.എയുടെയും സ്കൂൾ മാനേജ്മെന്റിന്റെയും സഹകരണത്തോടെ ഏറ്റവും മികച്ച രീതിയിൽ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ ആകുമെന്ന പ്രത്യാശയോടെ സമർപ്പിക്കുന്നു.